"ഭരണഭാഷ - മാതൃഭാഷ"

**നം:- DGE/1/2025-A1**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
**തീയതി : 07-09-2026**

# സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - 2025-26 അധ്യയന വർഷം അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം - മുൻ സർക്കുലർ റദ്ദാക്കി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**പരാമർശം :-**

1. 02.12.1991-ലെ സ.ഉ.(പി) നം. 36/1991/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
2. 16.03.1996-ലെ സ.ഉ.(പി) നം. 12/96/P&ARD നമ്പർ സർക്കാർ ഉത്തരവ്
3. 28.10.2002-ലെ സ.ഉ.(അച്ചടി) നം. 47/2002/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
4. 23.04.2003-ലെ സ.ഉ.(എം.എസ്) നം. 94/2003/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്
5. 23.08.2012-ലെ സ.ഉ.(പി) നം. 42/2012/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
6. 14.10.2015-ലെ 39986/J3/15/G.Edn നമ്പർ സർക്കാർ കത്ത്
7. 16.01.2019-ലെ ജെ(3)/5/2019/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.
8. 24.12.2021-ലെ സ.ഉ.(അച്ചടി) നം. 27/2021/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

9. **02.11.2023**-ലെ സ.ഉ.(കൈ) നം. **166/2023/GEDN** നമ്പർ സർക്കാർ ഉത്തരവ്

10. **23.05.2024**-ലെ സ.ഉ.(കൈ) നം. **50/2024/GEDN** നമ്പർ സർക്കാർ ഉത്തരവ്

11. **09.12.2024**-ലെ സ.ഉ.(കൈ) നം. **148/2024/GEDN** നമ്പർ സർക്കാർ ഉത്തരവ്

12. **23.12.2024**-ലെ ഈ കാര്യാലയത്തിലെ സർക്കുലർ നം. **DGE/20836/2024-A1.**

13. **27.03.2026**-ലെ സ.ഉ.(കൈ) നം. **44/2026/GAD** നമ്പർ സർക്കാർ ഉത്തരവ്.

14. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച **08.04.2026**-ലെ **MA-645/2026 in OA-571/2025** നമ്പർ ഇടക്കാല ഉത്തരവ്.

15. **31.07.2026**-ലെ **GE-JA3/185/2026-G.EDN** നമ്പർ സർക്കാർ സ്പഷ്ടീകരണ കത്ത്.

16 . **17.2.2026** ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ.

*****

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി, പ്രൈമറി, ഹൈസ്കൂൾ വിഭാഗം അധ്യാപകരുടെയും ഭാഷാധ്യാപകരുടെയും **2025-2026** വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് ഈ കാര്യാലയത്തിൽ നിന്നും **17.02.2026**-ൽ (പരാമർശം **16**) സർക്കുലർ പുറപ്പെടുവിക്കുകയും, പ്രസ്തുത സർക്കുലർ വ്യവസ്ഥകൾ പ്രകാരം ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ച് താൽക്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന സേവനകാലയളവ് ഇരട്ടിയായി കണക്കാക്കുന്ന ആനുകൂല്യം, മലയോര/ദുർഘട പ്രദേശങ്ങൾക്കുള്ള വെയിറ്റേജ്, **20** മുൻഗണനാ വിഭാഗങ്ങൾ **(Priority Categories)** എന്നിവ പൊതുസ്ഥലംമാറ്റ വ്യവസ്ഥകളാണെന്നും, അവ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ബാധകമല്ലെന്നും പരാമർശം **(15)** ലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സാങ്കേതിക അപാകതകളുള്ള **17.02.2026**-ലെ സർക്കുലറും, ആയതിൻ്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ താൽക്കാലിക സീനിയോറിറ്റി പട്ടികയും, ലഭിച്ച

ഓൺലൈൻ അപേക്ഷകളും പൂർണ്ണമായും റദ്ദാക്കി ഉത്തരവാകുന്നു.

പരാമർശം (15) പ്രകാരം ലഭ്യമായ പുതിയ സ്പഷ്ടീകരണത്തിൻ്റെയും മറ്റ് ബാധകമായ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ, 2025-2026 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് http://tandp.kite.kerala.gov.in/ എന്ന വെബ്സൈറ്റ് മുഖേന പുതുതായി ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. മുൻപ് അപേക്ഷിച്ചവർ ഉൾപ്പെടെ സ്ഥലംമാറ്റം ആഗ്രഹിക്കുന്ന എല്ലാവരും താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി നിർബന്ധമായും പുതിയ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

## 1. അപേക്ഷ സമർപ്പിക്കുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ

**അപേക്ഷകളുടെ എണ്ണം:** അപേക്ഷകന് ഒരു ജില്ലയിലേക്ക് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവാദമുള്ളൂ.

**സ്കൂളുകളുടെ തിരഞ്ഞെടുപ്പ്:** അപേക്ഷകന് താല്പര്യമുള്ള 10 സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്കൂളുകളിൽ സ്ഥലംമാറ്റം നൽകാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, ജില്ലയിൽ ഒഴിവുള്ള മറ്റേതെങ്കിലും സ്കൂളിലേക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതുണ്ടോ എന്ന ചോദ്യത്തിന് 'Yes' അല്ലെങ്കിൽ 'No' എന്ന് രേഖപ്പെടുത്താനുള്ള ഓപ്ഷൻ നൽകിയിട്ടുണ്ട്. ഇതിൽ 'Yes' എന്ന് രേഖപ്പെടുത്തുന്ന പക്ഷം, അപേക്ഷകർ ആരുമില്ലാത്ത മറ്റ് സ്കൂളുകളിലെ ഒഴിവുകളിലേക്ക് അപേക്ഷകൻ്റെ സീനിയോറിറ്റി പരിഗണിച്ച് നിയമനം നൽകുന്നതാണ്. മറിച്ച്, 'No' എന്നാണ് രേഖപ്പെടുത്തുന്നതെങ്കിൽ, അപേക്ഷകൻ ഓപ്റ്റ് ചെയ്ത (തെരഞ്ഞെടുത്ത) സ്കൂളുകളിലേക്ക് മാത്രമേ സ്ഥലംമാറ്റത്തിനായി പരിഗണിക്കുകയുള്ളൂ

**അപേക്ഷ റദ്ദാക്കൽ:** രജിസ്റ്റർ ചെയ്ത അപേക്ഷ റദ്ദു ചെയ്യുന്നതിനായി, അപേക്ഷയുടെ ആപ്ലിക്കേഷൻ ഐ.ഡി സഹിതം പ്രധാനാദ്ധ്യാപകൻ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതും, വിദ്യാഭ്യാസ ഉപഡയറക്ടർ 'complaint link'-ൽ ശുപാർശ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതുമാണ്. പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രോസസ് ചെയ്യാൻ ആരംഭിച്ചു കഴിഞ്ഞാൽ അപേക്ഷ റദ്ദ് ചെയ്യുന്നതല്ല.

**ലോഗിൻ വിവരങ്ങൾ:** അപേക്ഷ പൂരിപ്പിച്ച സമയത്ത് ലഭിച്ച ആപ്ലിക്കേഷൻ ഐ.ഡി-യും അപേക്ഷകൻ നൽകിയ പാസ്വേർഡും ഭദ്രമായി സൂക്ഷിച്ച് വയ്ക്കേണ്ടതാണ്.

**പരിശോധന (Verification):** പ്രൈമറി, ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരുടെ

അപേക്ഷ പ്രധാനാദ്ധ്യാപകനും വിദ്യാഭ്യാസ ഉപഡയറക്ടറും, പ്രീപ്രൈമറി അദ്ധ്യാപകരുടെ അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഉപഡയറക്ടറും ഓൺലൈനായി വെരിഫൈ ചെയ്തു എന്ന് അപേക്ഷകൻ സ്വയം ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള പരാതികൾ പിന്നീട് പരിഗണിക്കുന്നതല്ല.

**<u>പരാതികൾ പരിഹരിക്കൽ:</u>** അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ രേഖാമൂലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭിക്കാത്ത ഒരു പരാതിയും പരിഗണിക്കുന്നതല്ല.

## <u>2. അടിസ്ഥാന യോഗ്യതയും സർവ്വീസ് നിബന്ധനകളും</u>

പരാമർശം (1), (8) ഉത്തരവുകൾ പ്രകാരം, ആദ്യ നിയമനം ലഭിച്ച ജില്ലയിൽ അഞ്ച് (5) വർഷം ഒരേ തസ്തികയിൽ സേവനം പൂർത്തിയാക്കിയവർക്ക് മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുവാൻ അർഹതയുള്ളൂ. 31.03.2025 അടിസ്ഥാനമാക്കിയാണ് 5 വർഷം സർവ്വീസ് ദൈർഘ്യം കണക്കാക്കുന്നത്.

അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള റാങ്ക്/സീനിയോറിറ്റി തിട്ടപ്പെടുത്തുന്നത് നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ ഒരേ തസ്തികയിൽ പൂർത്തിയാക്കിയ യഥാർത്ഥ സർവ്വീസ് ദൈർഘ്യം (Actual Length of Service) മാത്രം അടിസ്ഥാനമാക്കിയായിരിക്കും. ഡെപ്യൂട്ടേഷൻ കാലയളവും LWA കാലയളവും യഥാർത്ഥ സർവ്വീസ് ദൈർഘ്യമായി കണക്കാക്കുന്നതല്ല.

പരാമർശം (7) പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന അധ്യാപകർക്കും അപേക്ഷിക്കാവുന്നതാണ്.

ഒരിക്കൽ അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച് അവിടെ അഞ്ചു വർഷത്തെ സേവനം പൂർത്തിയാക്കിയതിന് ശേഷമേ രണ്ടാമതൊരു അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹത നേടുകയുള്ളൂ.

## <u>3. 5 വർഷത്തെ മിനിമം സേവന വ്യവസ്ഥയിലുള്ള പ്രത്യേക ഇളവുകൾ</u>

**<u>(Relaxations) :</u>**

താഴെ പറയുന്ന വിഭാഗങ്ങൾക്ക് അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കാതെ തന്നെ അന്തർജില്ല സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ പ്രത്യേക ഇളവുകൾ അനുവദിച്ചിട്ടുണ്ട്:

**<u>സൈനികരുടെ ആശ്രിതർ:</u>** സേവനമനുഷ്ഠിക്കുന്ന സൈനികരുടെ അടുത്ത ബന്ധുക്കൾക്കും, യുദ്ധത്തിലോ ഡ്യൂട്ടിയിലോ മരണപ്പെട്ട സൈനികരുടെ ആശ്രിതർക്കും, ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിച്ചവർക്കും 5

വർഷ പരിധിയിൽ ഇളവുണ്ട്.

**<u>ഇടുക്കി, വയനാട്, കാസർഗോഡ്:</u>** പരാമർശം (2) പ്രകാരം ഈ ജില്ലകളിലേക്ക് സ്ഥലംമാറ്റം ആഗ്രഹിക്കുന്നവർക്ക് 5 വർഷ വ്യവസ്ഥ ബാധകമല്ല. (ഈ ജില്ലകളിലേക്ക് അപേക്ഷിക്കാൻ മാത്രമേ ഇളവുള്ളൂ; തിരികെ വരാൻ ഇളവില്ല. ഈ ആനുകൂല്യം സർവ്വീസിൽ ഒരു തവണ മാത്രമേ ലഭിക്കൂ).

**<u>അട്ടപ്പാടി ബ്ലോക്ക്:</u>** പരാമർശം (3) പ്രകാരം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലേക്ക് അപേക്ഷിക്കുന്നവർക്ക് 5 വർഷ വ്യവസ്ഥ ബാധകമല്ല (മാറ്റം ലഭിച്ചാൽ രണ്ട് വർഷം അട്ടപ്പാടിയിൽ തുടരണം).

**<u>വനപ്രദേശങ്ങൾ/ദുർഘട മേഖലകൾ:</u>** പരാമർശം (4) പ്രകാരം കുട്ടനാട് ഉൾപ്പെടെയുള്ള ദുർഘട പ്രദേശങ്ങളിലേക്കും, പരാമർശം (9) പ്രകാരം ആര്യങ്കാവ്, അച്ചൻകോവിൽ തുടങ്ങിയ പശ്ചിമഘട്ട താഴ്‌വരയിലെ സ്കൂളുകളിലേക്കും അപേക്ഷിക്കുന്നവർക്ക് 5 വർഷ സേവന വ്യവസ്ഥയിൽ ഇളവുണ്ട്. (പ്രസ്തുത പ്രദേശങ്ങളിൽ കുറഞ്ഞത് 5 വർഷം ജോലി ചെയ്യാൻ തയ്യാറാണെന്ന സത്യവാങ്മൂലം നൽകണം).

## 4. <u>പൂർണ്ണമായും ഒഴിവാക്കിയ ആനുകൂല്യങ്ങളും മുൻഗണനകളും (പ്രത്യേകം ശ്രദ്ധിക്കുക)</u>

**<u>സേവനകാലയളവ് ഇരട്ടിയായി കണക്കാക്കുന്ന ആനുകൂല്യമില്ല:</u>** പരാമർശം (15) സർക്കാർ സ്പഷ്ടീകരണം പ്രകാരം, കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ സേവനത്തിന് നൽകിയിരുന്ന സേവനകാലയളവ് ഇരട്ടിയായി കണക്കാക്കുന്ന ആനുകൂല്യവും (Double Service Benefit), മലയോര/ദുർഘട പ്രദേശങ്ങൾക്കുള്ള 1.5 മടങ്ങ് ആനുകൂല്യവും അന്തർജില്ലാ സ്ഥലംമാറ്റത്തിന് ബാധകമായിരിക്കുന്നതല്ല.

**<u>20 മുൻഗണനാ വിഭാഗങ്ങൾ (Priority Categories) ഇല്ല:</u>** പൊതുസ്ഥലംമാറ്റ വ്യവസ്ഥയുടെ ഭാഗമായിരുന്ന 20 പ്രത്യേക മുൻഗണനാ വിഭാഗങ്ങളെ (വിധവകൾ, ഭിന്നശേഷിക്കാർ തുടങ്ങിയവ) പരാമർശം (15) പ്രകാരം അന്തർ ജില്ല സ്ഥലംമാറ്റത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു.

## 5. <u>ഒഴിവുകളുടെ അനുപാതവും കണക്കാക്കലും</u>

പരാമർശം (10), (11), (12) ഉത്തരവുകൾ പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റ ഒഴിവുകളുടെ അനുപാതം എൽ.പി/യു.പി വിഭാഗത്തിന് 20%, ഹൈസ്കൂൾ വിഭാഗത്തിന് 15%, ഭാഷാ/സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് 20% എന്നിങ്ങനെ വർദ്ധിപ്പിച്ചിട്ടുണ്ട്.

ഈ ഒഴിവുകൾ കണക്കാക്കേണ്ടത് ആകെ കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ഓരോ കലണ്ടർ വർഷവുമുണ്ടാകുന്ന ഒഴിവുകളുടെ

എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. വിഹിതം ചെയ്ത ഒഴിവുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ അത് നേരിട്ടുള്ള നിയമനത്തിന് (PSC) നൽകുന്നതാണ്.

## 6. പ്രൊബേഷനും സീനിയോറിറ്റിയും അന്തിമ ഉത്തരവും

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച് പുതിയ ജില്ലകളിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് സീനിയോറിറ്റി നഷ്ടപ്പെടുന്നതും അവർ ആ ജില്ലയിലെ ജൂനിയർ മോസ്റ്റ് അധ്യാപകന്റെ ജൂനിയർ ആയിരിക്കുന്നതുമാണ്.

പരാമർശം (5) ഉത്തരവ് അനുസരിച്ച് അവർ പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പുതുതായി പ്രൊബേഷൻ ആരംഭിച്ച് പൂർത്തിയാക്കേണ്ടതാണ്.

അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നടത്തുന്ന സ്ഥലംമാറ്റം ഒരു കാരണവശാലും റദ്ദ് ചെയ്ത് നൽകുന്നതല്ല.

വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് വെബ്സൈറ്റിൽ നൽകുകയും ബന്ധപ്പെട്ട അദ്ധ്യാപകർക്കും പ്രധാനാദ്ധ്യാപകർക്കും രജിസ്റ്റേർഡ് തപാൽ മുഖേന നിർബന്ധമായും അയയ്ക്കേണ്ടതുമാണ്. അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രമേ അദ്ധ്യാപകരെ റിലീവ് ചെയ്യാൻ പാടുള്ളൂ.

## 7. സെൻസസ് ഡ്യൂട്ടി നിബന്ധന

പരാമർശം (13) പ്രകാരം 2027-ലെ സെൻസസ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവരെ **31.03.2027** വരെ നിലവിലെ സ്ഥാനത്ത് നിന്നും റിലീവ് ചെയ്യാൻ പാടുള്ളതല്ല എന്ന് കർശന നിർദ്ദേശമുണ്ട്. സർക്കാരിൽ നിന്നുള്ള തുടർ നിർദ്ദേശങ്ങൾക്ക് വിധേയമായോ, അല്ലെങ്കിൽ "സെൻസസ് ഡ്യൂട്ടിക്ക് യാതൊരുവിധ ഭംഗവും വരുത്തില്ല" എന്ന് അപേക്ഷകൻ നൽകുന്ന സത്യവാങ്മൂലത്തിൻ്റെ അടിസ്ഥാനത്തിലോ മാത്രമേ പ്രസ്തുത ഉദ്യോഗസ്ഥരെ പുതിയ ജില്ലകളിലേക്ക് റിലീവ് ചെയ്യുകയുള്ളൂ.

## 8. കോടതി വ്യവഹാരങ്ങൾ

ഈ സ്ഥലംമാറ്റ നടപടികൾ പൂർണ്ണമായും പരാമർശം (14)-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിനും, നിലവിലുള്ള മറ്റ് അനുബന്ധ വ്യവഹാരങ്ങളുടെ അന്തിമ വിധികൾക്കും വിധേയമായിരിക്കും.

## 9. സംശയനിവാരണം (Helpdesk)

അന്തർജില്ലാ ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സാങ്കേതിക പ്രശ്നങ്ങൾക്ക് കൈറ്റിൻ്റെ ഓഫീസുമായി (0471-2529800) ബന്ധപ്പെടേണ്ടതാണ്.

മറ്റ് പൊതുവായ കാര്യങ്ങൾക്ക് അതാത് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലോ അല്ലെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലോ (0471-2580640) ബന്ധപ്പെടാവുന്നതാണ്.

## 10. നടപടിക്രമങ്ങളുടെ സമയക്രമം (Time Schedule)

അപേക്ഷകൾ സമർപ്പിക്കുന്നതിനും ഓൺലൈനായി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുമുള്ള സമയക്രമം താഴെ ചേർക്കുന്നു:

ഓരോ ജില്ലകളിലെയും തസ്തികകളിലേക്കുമുള്ള ഒഴിവുകളുടെ കണക്ക് വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ട സമയം: **14.09.2026 മുതൽ 17.09.2026 വരെ**

അധ്യാപകർ പുതിയ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി: **19.09.2026 മുതൽ 24.09.2026 വരെ.**

സ്കൂൾ തലത്തിലും ഉപജില്ലാ തലത്തിലും അപേക്ഷകൾ പരിശോധിച്ച് ഉറപ്പാക്കേണ്ട സമയം: **25.09.2026 മുതൽ 29.09.2026 വരെ**

വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ അപേക്ഷ പരിശോധിക്കുന്നതിനും, തിരുത്തലുകൾ അനുവദിക്കുന്നതിനും ലിസ്റ്റ് തയ്യാറാക്കുന്നതിനും: **30.09.2026 മുതൽ 03.10.2026 വരെ.**

പുതിയ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന അവസാന തീയതി: **05.10.2026.**

സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കാനുള്ള സമയം: **06.10.2026 മുതൽ 09.10.2026 വരെ**

ആക്ഷേപങ്ങൾ പൂർണ്ണമായി പരിഹരിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന അവസാന തീയതി: **15.10.2026.**

താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി: **22.10.2026.**

താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുള്ള സമയം: **23.10.2026 മുതൽ 26.10.2026 വരെ**

ഓൺലൈൻ അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. സർക്കുലറിലെ വ്യവസ്ഥകളും സമയക്രമവും കർശനമായി പാലിക്കുന്നതിന് ഓരോ തലത്തിലുമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സഹതാപാർഹ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി

മാറ്റിവെക്കുന്ന ഒഴിവുകളിലേക്ക് ഈ ഘട്ടത്തിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. ആയതിലേക്ക് പ്രത്യേകം അപേക്ഷ ക്ഷണിക്കുന്ന സമയത്ത് അർഹരായവർക്ക് നിർദ്ദിഷ്ട രേഖകൾ സഹിതം നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

Digitally signed by
SNEHIL KUMAR SINGH
Date: 07-09-2026
10:57:15

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**സ്വീകർത്താക്കൾ :-**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾക്കുമായി).
3. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന).
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**പകർപ്പ്:**

1. എ3/എ5/എ6 സെക്ഷനുകൾ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
2. കരുതൽ ഫയൽ